(സി) വിവിധ വകുപ്പുകളിലെ ഗവൺമെന്റ് ഉദ്യോഗസ്ഥരുടെ ആകെ എണ്ണം 3,63,992 (മൂന്ന് ലക്ഷത്തി അറുപത്തി മൂവായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി രണ്ട് ഉം).

പ്രൈവറ്റ് എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം1,42,564(ഒരു ലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി അഞ്ഞൂറ്റി അറുപത്തി നാല്) ഉം ആണ്.

2014-15 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് തുക

217 (557) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള ഡെവലപ്മെന്റ് എക്സ്പെന്റിച്ചർ, നോൺ ഡെവലപ്മെന്റ് എക്സ്പെന്റിച്ചർ മൊത്തം റവന്യൂ എക്സ്പെന്റിച്ചർ ഇവ എത്ര കോടി രൂപ വീതമാണെന്; വിശദ മാക്കാമോ ;

(ബി) സാമ്പത്തിക വർഷത്തിന്റെ ആദ്യപകുതി പിന്നിട്ടപ്പോൾ യഥാർത്ഥത്തിൽ ഇവ ഓരോന്നും എത്ര കോടി രൂപ വീതമായിട്ടുണ്ട്; വ്യക്തമാക്കാമോ ;

(സി) 2014-15 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് ചെയ്ത റവന്യൂ എക്സ്പെന്റിച്ചർ തുകയുടെ എത്ര ശതമാനം തുക ആദ്യപകുതി വർഷം പിന്നിട്ടപ്പോൾ ചെലവായിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) സാമ്പത്തിക വർഷത്തെ റവന്യൂ ചെലവുകൾ, അതിലുൾപ്പെട്ട വികസനച്ചെലവുകൾ, വികസന ഇതര ചെലവുകൾ എന്നിവയുടെ ബഡ്ജറ്റ് എസ്റ്റിമേറ്റും സാമ്പത്തിക വർഷത്തെ ആദ്യപകുതി പിന്നിട്ടപ്പോൾ ഓരോ

LIBRARY ARCHIVES Kerala Legislative Assembly

ഇനത്തിലും ഉണ്ടായ ചെലവുകളും സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

2014-15 സാമ്പത്തിക വർഷം

ഇനം	ബഡ്ജറ്റ് എസ്റ്റിമേറ്റ്	2014 സെപ്റ്റംബർ വരെയുള്ള കണക്കുകൾ (അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം) (രൂപ കോടിയിൽ)
(എ) റവന്യൂ അക്കൗണ്ടിലെ വികസന ചെലവുകൾ	40,765.09	18,308.92
(ബി) റവന്യൂ അക്കൗണ്ടിലെ വികസന ഇതര ചെലവുകൾ	31,208.95	14,731.85
ആകെ റവന്യൂ ചെലവുകൾ	71,974.04	33,040.77

(സി) 2014-15 സാമ്പത്തിക വർഷത്തെ ആദ്യപകുതി പിന്നിട്ടപ്പോൾ റവന്യൂ ചെലവ് ബഡ്ജറ്റിൽ എസ്റ്റിമേറ്റ് ചെയ്തതിന്റെ 46 ശതമാനമായിട്ടുണ്ട്.

നാഷണൽ സേവിംഗ്സ് ഏജന്റുമാരുടെ അധിക ജോലി

218 (558) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ സമ്പാദ്യ പദ്ധതിയുടെ ഭാഗമായി നിയമിക്കപ്പെട്ടിട്ടുള്ള നാഷണൽ സേവിംഗ്സ് ഏജന്റുമാർക്ക് ബുദ്ധിമുട്ടുണ്ടാകുന്ന വിധത്തിൽ വാട്ടർ അതോറിറ്റിയുടെ മീറ്റർ റീഡിംഗ് ജോലിക്കൂടി അവരുടെ ജോലിക്കൊപ്പം ചെയ്യുന്നതിന് ഉത്തരവിറക്കിയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഒരു വീട്ടിൽനിന്നും മറ്റൊരു വീട്ടിലെത്താൻ ചിലപ്പോൾ കിലോമീറ്റർ കളോളം നടന്നുപോയി കളക്ഷൻ എടുക്കുന്നവരാണ് നാഷണൽ സേവിംഗ്സ് ഏജന്റുമാർ എന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly.